കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം നഗരസഭയിൽ എൽ.ഡി.സി / ബി.സി ആയിരുന്ന വർഗ്ഗീസ് കെ.കുന്നത്ത് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) നം.741/2016 മേലുള്ള 05/06/2018 ലെ അന്തിമ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2811/2018/തസ്വഭവ തീയതി, തിരുവനന്തപുരം : 02/11/2018

പരാമർശം : 1) വർഗ്ഗീസ് കെ.കുന്നത്ത് 21/11/2016 തീയതിയായി സമർപ്പിച്ച നിവേദനം (അനക്ഷർ - എ 5)

2) നഗരകാര്യ ഡയറക്ടറുടെ 03/07/2017 തീയതിയിലെ പി7-14509/17/ഡിയുഎ നമ്പർ കത്ത്.

3) വർഗ്ഗീസ് കെ.കുന്നത്ത് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) നം.741/2016 മേലുള്ള 05/06/2018 ലെ അന്തിമ വിധിന്യായം.

## ഉത്തരവ്

07/08/98 മുതൽ 04/05/2000 വരെയുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള അവധി അനുവദിച്ചത് പരിഗണിച്ച് ഈ കാലയളവ് ഇൻക്രിമെന്റിന് കണക്കാക്കണമെന്നും ശമ്പളം പുനർനിർണ്ണയിച്ച കുടിശ്ശിക നൽകണമെന്നും 05/05/2000 മുതൽ 04/05/2010 വരെയുള്ള 10 വർഷത്തെ ശൂന്യവേതനാവധിയ്ക്കുള്ള അപേക്ഷ പരിഗണിച്ച് പാർട്ട് III കെ.എസ് ആറിലെ റൂൾ 26 പ്രകാരം ഈ കാലയളവ് പെൻഷന് യോഗ്യകാലമായി പരിഗണിക്കണമെന്നും അവധി കഴിഞ്ഞ് 05/05/2000 മുതൽ തിരികെ ജോലിയിൽ പ്രവേശിക്കാൻ അനുവദിക്കാതെ 31/05/14 ൽ റിട്ടയർ ചെയ്തതുവരെയുള്ള ഈ കാലയളവ് പെൻഷൻ ഉൾപ്പെടെയുള്ള സർവ്വീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്നും ആവശ്യപ്പെട്ട് കോട്ടയം നഗരസഭയിൽ എൽ.ഡി.സി / ബി.സി ആയിരുന്ന വർഗ്ഗീസ് കെ.കുന്നത്ത് പരാമർശം (1) പ്രകാരം സമർപ്പിച്ച നിവേദനം (അനക്ഷർ - എ 5) പരിഗണിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷകൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) നം.741/2016 മേലുള്ള 05/06/2018 ലെ അന്തിമ വിധിന്യായത്തിൽ, വിധിന്യായം ലഭിച്ച് മൂന്നുമാസത്തിനകം അപേക്ഷകനെ നേരിൽ കേട്ട്. അനക്ഷർ - എ 5 നിവേദനം പരിഗണിച്ച്, ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സർക്കാരിനോട് ബഹു.ട്രൈബ്യൂണൽ നിർദ്ദേശിച്ചു.

2) വർഗ്ഗീസ് കെ.കുന്നത്ത് 09/07/2018 ൽ മരണപ്പെട്ടതിനാൽ അപേക്ഷകന്റെ ഭാര്യ ശ്രീമതി.സിനി ജോസഫിനെ 11/09/2018 ന് ബഹു.ട്രൈബ്യൂണലിന്റെ മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പിന്റെ അഡീഷണൽ സെക്രട്ടറി നേരിൽ കേട്ടിരുന്നു.

3) പരാമർശം (1) പ്രകാരമുള്ള അനക്ഷർ - എ 5 നിവേദനം സംബന്ധിച്ച് നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം ഇപ്രകാരം റിപ്പോർട്ട് ചെയ്തു.

14/02/1991 ൽ എൽ.ഡി.സി/ബി.സി തസ്തികയിൽ ഏലൂർ നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചു. 29/06/1991 മുതൽ സ്ഥലംമാറ്റം മേടിച്ച് കോട്ടയം നഗരസഭയിൽ

ജോലിയിൽ തുടർന്നു.

അപേക്ഷകൻ 07/08/1998 മുതൽ 04/11/1998 വരെ 90 ദിവസത്തെ ശമ്പള രഹിത അവധിയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിക്കുകയും തുടർന്ന് അവധിയിൽ പ്രവേശിക്കുകയും. തുടർന്ന് 05/11/1998 മുതൽ 15/10/1999 വരെ ശമ്പള രഹിത അവധിയിൽ തുടരുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം വീണ്ടും അപേക്ഷിക്കുകയും ചെയ്തിട്ടുള്ളതും . തുടർന്ന് 16/10/1999-ൽ ജോലിയിൽ പുനപ്രവേശിക്കുകയും 20/10/1999 വരെ ജോലിയ്ക്ക് ഹാജരായതിനു ശേഷം 21/10/1999 മുതൽ 30/04/2000 വരെ 192 ദിവസത്തേയ്ക്ക് വീണ്ടും മെഡിക്കൽ സർട്ടിഫിക്കറ്റ സഹിതം ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും, 02/05/2000-ൽ ജോലിയിൽ പ്രവേശിച്ച ശേഷം 05/05/2000 മുതൽ 10 വർഷത്തേയ്ക്ക് വ്യക്തിപരമായ ആവശ്യത്തിലേയ്ക്കായി ശൂന്യവേതനാവധി അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ച് അവധിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്.

അപേക്ഷകൻ 21/10/1999 മുതൽ 30/04/2000 വരെ 192 ദിവസത്തെ ശൂന്യവേതനാവധിയും 05/05/2000 മുതൽ 10 വർഷത്തേയ്ക്കുള്ള ശൂന്യവേതനാവധിയും അനുവദിച്ച് ഉത്തരവായിട്ടില്ലാത്തതാണെന്നും, ശൂന്യവേതനാവധിയുടെ കാലാവധി അവസാനിച്ചതിനെ തുടർന്ന് തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് രേഖാമൂലം അപേക്ഷ നൽകിയതായി കാണുന്നില്ല എന്നും കോട്ടയം നഗരസഭയിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. വർഗ്ഗീസ് കുന്നത്തിന് മേൽ പ്രകാരമുള്ള കാലയളവിലേയ്ക്കൊന്നും തന്നെ ശൂന്യവേതനാവധിയുൾപ്പെടെയുള്ള അവധികൾ അനുവദിച്ച് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും സർക്കാരിൽ നിന്നും ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ലാത്തതാണെന്നും 10 വർഷത്തെ ശൂന്യവേതന അവധി കാലാവധി കഴിഞ്ഞതിനു ശേഷവും തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് രേഖാമൂലമുള്ള ഒരറിയിപ്പും നഗരസഭയിൽ ഹാജരാക്കിയിട്ടുള്ളതായി കാണുന്നില്ലായെന്നും, പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള പെൻഷൻ പേപ്പറുകൾ നഗരസഭയിൽ ഹാജരാക്കിയിട്ടില്ലായെന്നും. സർക്കാരിൽ നിന്നും രേഖാമൂലമുള്ള അനുവാദം ലഭിക്കാതെ അനധികൃതമായി ദീർഘകാലം ജോലിയിൽ പ്രവേശിക്കാതിരുന്നതിനാൽ പെൻഷൻ അനുവദിക്കുന്നതു സംബന്ധിച്ച തീരുമാനം സർക്കാർ തലത്തിൽ എടുക്കേണ്ടതാണെന്നും കോട്ടയം നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അവധി അനുവദിക്കുന്നതിന് ചട്ടങ്ങൾ നിലവിലുള്ളതാണ്. അവധി അപേക്ഷ ബന്ധപ്പെട്ട അധികാരി പരിഗണിച്ച് അവ അനുവദിക്കുന്നതിനു മുമ്പായി 07/08/98 മുതൽ 01/05/2000 വരെ പല ഘട്ടങ്ങളിലായുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള അവധിയിൽ തുടരുകയും 02/05/2000-ൽ ജോലിയിൽ പ്രവേശിച്ചതിനു ശേഷം 05/05/2000 മുതൽ 10 വർഷത്തേയ്ക്ക് സ്വകാര്യ ആവശ്യത്തിനായി അവധിയ്ക്ക് അപേക്ഷ നൽകി അത് അനുവദിക്കുന്നതിനു മുമ്പ് അവധിയിൽ പ്രവേശിക്കുകയും ചെയ്തു. ഇപ്രകാരം അവധിയിൽ തുടർന്ന കാലയളവ് സർവ്വീസ് ആനുകൂല്യങ്ങൾക്കും പെൻഷൻ ആനുകൂല്യങ്ങൾക്കും പരിഗണിച്ച് കെ.എസ്.ആർ3-ാം ഭാഗത്തെ റൂൾ 26 പ്രകാരം പെൻഷൻ അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

10 വർഷത്തേയ്ക്ക് സ്വകാര്യ ആവശ്യത്തിനായി അവധിയ്ക്ക് അപേക്ഷ നൽകിയിരുന്നത് അനാരോഗ്യകാരണങ്ങളാലും മെഡിക്കൽ ട്രീറ്റ്മെന്റിന്റെ ആവശ്യത്തിലേക്കുമായിരുന്നുവെന്നാണ് അനക്ഷർ - എ 5 നിവേദനത്തിൽ പരാമർശിച്ചിട്ടുള്ളത്. മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള അവധി ഇൻക്രിമെന്റിന് കണക്കാക്കണമെന്ന് കെ.എസ്.ആർ ഒന്നാം ഭാഗത്തെ റൂൾ 33 (b) 2 വ്യവസ്ഥ ചെയ്യുന്നുണ്ട്.

മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധി യഥാവിധി അനുവദിച്ചതാണെങ്കിൽ അവധി കാലയളവ് ഇൻക്രിമെന്റിനും മറ്റ് ആനുകൂല്യങ്ങൾക്കും കണക്കാക്കാൻ ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്. മെഡിക്കൽ സർട്ടിഫിക്കറ്റിൽ സംശയമുണ്ടാവുകയാണെങ്കിൽ രണ്ടാം മെഡിക്കൽ ഒപീനിയന് അപേക്ഷകനെ വിധേയമാക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ അവധി അപേക്ഷ നൽകി അവധി അനുവദിക്കുന്നതിനു മുൻപ്

അവധിയിൽ പ്രവേശിക്കുകയും വർഷങ്ങൾ കഴിഞ്ഞ് രണ്ടാം മെഡിക്കൽ ഒപ്പീനിയന് അവസരമില്ലാതിരിക്കുകയും ചെയ്തതിനാൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആധികാരികത ഉറപ്പുവരുത്താൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ അവധി അനുവദിക്കാൻ വ്യവസ്ഥ കാണുന്നില്ല. മെഡിക്കൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല എന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പെൻഷന് യോഗ്യമല്ലാത്തതായി വ്യവസ്ഥ ചെയ്തിട്ടുള്ളത് Appendix XII A,B,C എന്നിവ പ്രകാരം അനുവദിക്കുന്ന ശൂന്യവേതനാവധിയാണെന്നും താൻ അപേക്ഷിച്ചിരുന്നത് സ്വകാര്യ ആവശ്യങ്ങൾക്കായി 05/05/2000 മുതൽ 04/05/2010 വരെ 10 വർഷത്തേയ്ക്കുള്ള അവധിയാണെന്നും അതിനാൽ ഈ കാലയളവ് പെൻഷന് കണക്കാക്കണമെന്നതുമാണ് മറ്റൊരു ആവശ്യം. 10 വർഷത്തേയ്ക്ക് തുടർച്ചയായുള്ള അവധി അനുവദിക്കുന്നതിന് വ്യവസ്ഥകളൊന്നും നിലവിലില്ല. അനുവദിക്കാത്ത അവധി വിനിയോഗിക്കുന്നതിന് വ്യവസ്ഥയില്ല എന്നുമാത്രമല്ല, അത് അനധികൃത ഹാജരില്ലായ്മയാണെന്ന് കണക്കാക്കാനാണ് വ്യവസ്ഥയുള്ളത്. അപേക്ഷകൻ സേവനത്തിൽ നിന്നും വിരമിക്കുന്ന 31/05/2014 തീയതി വരെ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അപേക്ഷ നൽകുകയും ചെയ്തിട്ടില്ല എന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) മേൽ സാഹചര്യത്തിൽ, വിവിധ ഘട്ടങ്ങളിലായി 07/08/98 മുതൽ 02/05/2000 വരെയുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധി അപേക്ഷകൾ, 05/05/2000 മുതൽ 04/05/2010 വരെയുള്ള സ്വകാര്യ ആവശ്യത്തിനുള്ള ശൂന്യവേതനാവധി അപേക്ഷ എന്നിവ പരിഗണിച്ച് അവ അനുവദിച്ച് പെൻഷന് യോഗ്യകാലമായി കണക്കാക്കി പെൻഷൻ അനുവദിക്കണമെന്നും 05/05/ 2010 മുതൽ റിട്ടയർ ചെയ്ത 31/05/14 വരെയുള്ള കാലയളവും പെൻഷന് യോഗ്യകാലമായി കണക്കാക്കണമെന്നുമുള്ള പരാമർശം (1) പ്രകാരമുള്ള അനക്ഷർ - എ 5 നിവേദനത്തിലെ ആവശ്യം ചട്ടപ്രകാരം അനവദനീയമല്ലാത്തതിനാൽ ആയത് നിരസിക്കുന്നു.

6) 05/06/2018 ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി.സിനി ജോസഫ്, W/o Late വർഗ്ഗീസ് കെ.കുന്നത്ത്,
റിട്ട.എൽ.ഡി.സി/ബി.സി, കോട്ടയം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, കോട്ടയം നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ